''ഭരണഭാഷ - മാതൃഭാഷ''

വളരെ അടിയന്തിരം

# വ്യാവസായിക പരിശീലന വകുപ്പ്

(കേരള സംസ്ഥാനം)

നമ്പർ: ജി1/6661/2016

ചാക്ക, തിരുവനന്തപുരം
തീയതി: 08.06.2016

## ചുറ്ററിയിപ്പ്

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്- അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് ജൂലൈ 2016 - പരിക്ഷാ വിജ്ഞാപനങ്ങളുടെ വിവരങ്ങൾ അറിയിക്കുന്നത് - സംബന്ധിച്ച്.

സൂചന:- വിവിധ വിജ്ഞാപനങ്ങൾ

***************

ജനുവരി 2016 ൽ നടക്കുന്ന അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് എഴുതുന്നതിന് വേണ്ടി വിവിധ കാറ്റഗറിയിൽപ്പെട്ട ട്രെയിനികളിൽ നിന്നും അപേക്ഷകൾ ക്ഷണിച്ചുകൊണ്ട് വിജ്ഞാപനങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പുറപ്പെടുവിച്ചിട്ടുളള എല്ലാ വിജ്ഞാപനങ്ങളുടെയും വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | നോട്ടിഫിക്കേഷൻ നമ്പർ & തീയതി | വിജ്ഞാപനത്തിന്റെ വിശദ വിവരങ്ങൾ | അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി | റിമാർക്ക്സ് |
|---|---|---|---|---|
| 1 | ജി1/6661/16(1), തീയതി 7-5-2016 | എം.ഐ.എസ്. പോർട്ടൽ മുഖേന ആഗസ്റ്റ് 2015 ലെ അഡ്മിഷൻ വിവരങ്ങൾ രേഖപ്പെടുത്തിയ ട്രെയിനികളിൽ നിന്നും രണ്ടാം സെമസ്റ്റർ (റഗുലർ) പരീക്ഷ എഴുതുന്നതിന് | 28-5-2016 | അപേക്ഷ സമർപ്പിച്ച ട്രെയിനികളുടെ വിവരങ്ങൾ www.itdkerala.org എന്ന വെബ്സൈറ്റിൽ ഓൺലൈനായി രേഖപ്പെടുത്തേണ്ടതാണ്. കൂടാതെ ടി ട്രെയിനികളുടെ വിവരം എം.ഐ.എസ്. പോർട്ടലിൽ യഥാസമയം രേഖപ്പെടുത്തേണ്ടതുമാണ്. |
| 2 | ജി1/6661/16(1), തീയതി 7-5-2016 | എം.ഐ.എസ്. പോർട്ടൽ മുഖേന ആഗസ്റ്റ് 2014 ലെ അഡ്മിഷൻ വിവരങ്ങൾ രേഖപ്പെടുത്തിയ ട്രെയിനികളിൽ നിന്നും നാലാം സെമസ്റ്റർ (റഗുലർ) പരീക്ഷ എഴുതുന്നതിന് | 28-5-2016 | അപേക്ഷ സമർപ്പിച്ച ട്രെയിനികളുടെ വിവരങ്ങൾ www.itdkerala.org എന്ന വെബ്സൈറ്റിൽ ഓൺലൈനായി രേഖപ്പെടുത്തേണ്ടതാണ്. കൂടാതെ ടി ട്രെയിനികളുടെ വിവരം എം.ഐ.എസ്. പോർട്ടലിൽ യഥാസമയം രേഖപ്പെടുത്തേണ്ടതുമാണ്. |

| | | | | |
|---|---|---|---|---|
| 3 | ജി1/6661/16, തീയതി 25-5-2016 | എം.ഐ.എസ്. പോർട്ടൽ മുഖേന 2014 ആഗസ്റ്റിൽ അഡ്മിഷൻ നേടിയവർക്കുള്ള ഒന്ന്, രണ്ട്,മൂന്ന് സെമസ്റ്റർ (സപ്ലിമെന്ററി), 2015 ആഗസ്റ്റിൽ അഡ്മിഷൻ നേടിയവർക്കുള്ള ഒന്നാം സെമസ്റ്റർ (സപ്ലിമെന്ററി) പരീക്ഷയിൽ പങ്കെടുക്കുന്നതിന് | 10-6-2016 | അപേക്ഷ സമർപ്പിച്ച ട്രെയിനികളുടെ വിവരങ്ങൾ www.itdkerala.org എന്ന വെബ്സൈറ്റിൽ ഓൺലൈനായി രേഖപ്പെടുത്തേണ്ടതാണ്. കൂടാതെ ടി ട്രെയിനികളുടെ വിവരം എം.ഐ.എസ്. പോർട്ടലിൽ യഥാസമയം രേഖപ്പെടുത്തേണ്ടതുമാണ്. |
| 4 | ജി1/6661/16(1), തീയതി 27-5-2016 | എം.ഐ.എസ്. മുഖേന പ്രൈവറ്റായി (വ്യവസായ തൊഴിലാളി) രണ്ടാം സെമസ്റ്റർ പരീക്ഷ എഴുതുന്നതിന് | 10-6-2016 | അപേക്ഷകൾ ഡയറക്ടറേറ്റിൽ എത്തിക്കേണ്ടതാണ് |
| 5 | ജി1/6661/16(2), തീയതി 27-5-2016 | എം.ഐ.എസ്. മുഖേന പ്രൈവറ്റായി (വ്യവസായ തൊഴിലാളി) നാലാം സെമസ്റ്റർ പരീക്ഷ എഴുതുന്നതിന് | 10-6-2016 | അപേക്ഷകൾ ഡയറക്ടറേറ്റിൽ എത്തിക്കേണ്ടതാണ് |
| 6 | ജി1/6661/16(3), തീയതി 27-5-2016 | എം.ഐ.എസ്. മുഖേന പ്രൈവറ്റായി (വ്യവസായ തൊഴിലാളി) ഒന്ന്, രണ്ട്, മൂന്ന് (സപ്ലിമെന്ററി) പരീക്ഷ എഴുതുന്നത് | 10-6-2016 | അപേക്ഷകൾ ഡയറക്ടറേറ്റിൽ എത്തിക്കേണ്ടതാണ് |
| 7 | ജി2/6787/16, തീയതി 30-5-2016 | എം.ഐ.എസ്. മുഖേന പ്രൈവറ്റായി (എസ്.സി.വി.ടി. പാസ്സായവർ) രണ്ട്/നാലാം സെമസ്റ്റർ പരീക്ഷ എഴുതുന്നതിന് | 10-6-2016 | അപേക്ഷകൾ ബന്ധപ്പെട്ട ട്രേഡിൽ എൻ.സി.വി.ടി. അഫിലിയേഷൻ നേടിയതും ഒന്ന്/മൂന്ന് സെമസ്റ്റർ പരീക്ഷകളിൽ പങ്കെടുക്കുന്നതിന് അപേക്ഷകൾ മുൻപ് സമർപ്പിച്ചതുമായ ഗവ.ഐ.ടി.ഐ. കളിൽ പ്രിൻസിപ്പാൾ എത്തിക്കണം. ടി പ്രിൻസിപ്പാൾമാർ എം.ഐ.എസ്. പോർട്ടലിൽ ടി ട്രെയിനികളുടെ വിവരം യഥാസമയം രേഖപ്പെടുത്തേണ്ടതുമാണ്. |

| | | | | |
|---|---|---|---|---|
| 8 | ജി2/6787/16, തീയതി 30-5-2016 | എം.ഐ.എസ്. മുഖേന പ്രൈവറ്റായി (എസ്.സി.വി.ടി. പാസ്സായവർ) ഒന്ന്, രണ്ട്, മൂന്ന് (സപ്ലിമെന്ററി) പരീക്ഷ എഴുതുന്നതിന് | 10-6-2016 | അപേക്ഷകൾ ബന്ധപ്പെട്ട ട്രേഡിൽ എൻ.സി.വി.ടി. അഫിലിയേഷൻ നേടിയതും ഒന്ന്/രണ്ട് സെമസ്റ്റർ റഗുലർ പരീക്ഷകളിൽ പങ്കെടുക്കുന്നതിന് അപേക്ഷകൾ മുൻപ് സമർപ്പിച്ചതുമായ ഗവ. ഐ.ടി.ഐ. കളിൽ പ്രിൻസിപ്പാൾ എത്തിക്കണം. ടി പ്രിൻസിപ്പാൾമാർ എം.ഐ.എസ്. പോർട്ടലിൽ ടി ട്രെയിനികളുടെ വിവരം യഥാസമയം രേഖപ്പെടുത്തേണ്ടതുമാണ്. |
| 9 | ജി1/6661/16, തീയതി 28-5-2016 | 2013 ആഗസ്റ്റിൽ അഡ്മിഷനായ റെഗുലർ ട്രെയിനികളിൽ നിന്നും, പ്രൈവറ്റ് ട്രെയിനികളിൽ നിന്നും രണ്ട്, മൂന്ന്, നാല് (സപ്ലിമെന്ററി) പരീക്ഷ എഴുതുന്നതിന് | 13-6-2016 | അപേക്ഷ സമർപ്പിച്ച ട്രെയിനികളുടെ വിവരങ്ങൾ www.itdkerala.org എന്ന വെബ്സൈറ്റിൽ ഓൺലൈനായി രേഖപ്പെടുത്തേണ്ടതും പ്രൈവറ്റ് ട്രെയിനികളുടെ അപേക്ഷകൾ ഡയറക്ടറേറ്റിൽ എത്തിക്കേണ്ടതുമാണ്. |
| 10 | ജി1/6661/16, തീയതി, 6-6-2016 | 2013 ആഗസ്റ്റിൽ അഡ്മിഷനായതും പരീക്ഷ എഴുതുന്നതിനുള്ള 5 അവസരങ്ങൾ വിനിയോഗിക്കാത്തതുമായ റഗുലർ ട്രെയിനികളിൽ നിന്നും, പ്രൈവറ്റ് ട്രെയിനികളിൽ നിന്നും ഒന്നാം സെമസ്റ്റർ (സപ്ലിമെന്ററി) പരീക്ഷ എഴുതുന്നതിന് | 15-6-2016 | അപേക്ഷ സമർപ്പിച്ച ട്രെയിനികളുടെ വിവരങ്ങൾ www.itdkerala.org എന്ന വെബ്സൈറ്റിൽ ഓൺലൈനായി രേഖപ്പെടുത്തേണ്ടതും പ്രൈവറ്റ് ട്രെയിനികളുടെ അപേക്ഷകൾ ഡയറക്ടറേറ്റിൽ എത്തിക്കേണ്ടതുമാണ്. |

പ്രസ്തുത വിജ്ഞാപനങ്ങളിലെ എല്ലാ നിർദ്ദേശങ്ങളും പാലിച്ചുകൊണ്ട് ട്രെയിനികളുടെ അപേക്ഷകൾ തയ്യാറാക്കേണ്ടതും ആയതിന്റെ മേൽ നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതുമാണ്. പ്രൈവറ്റ് ട്രെയിനികളുടെ (വ്യാവസായിക തൊഴിലാളി) അപേക്ഷകൾ 17-06-2016 ന് മുമ്പ് പ്രത്യേക ദൂതൻ മുഖേന പരീക്ഷാ വിഭാഗത്തിൽ എത്തിക്കേണ്ടതാണ്. നിശ്ചിത തീയതിക്ക് ശേഷം ലഭിക്കുന്ന

അപേക്ഷകൾ ഒരു കാരണവശാലും പരീക്ഷാ വിഭാഗത്തിൽ സ്വീകരിക്കുന്നതല്ല എന്ന വിവരം എല്ലാ പ്രിൻസിപ്പാൾമാരെയും അറിയിക്കുന്നു. കൂടാതെ എം.ഐ.എസ്. പോർട്ടലിൽ രേഖപ്പെടുത്തേണ്ട ട്രെയിനികളുടെ വിവരങ്ങൾ യഥാസമയം പോർട്ടലിൽ രേഖപ്പെടുത്താൻ എല്ലാ പ്രിൻസിപ്പാൾമാരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഇപ്രകാരം രേഖപ്പെടുത്തിയാൽ മാത്രമേ 2016 ജൂലൈ മാസത്തിൽ നടത്തുന്ന അഖിലേന്ത്യാ ട്രേഡ് ടെസ്റ്റിൽ ഹാൾടിക്കറ്റ് ലഭിക്കുകയുള്ളൂ. ട്രെയിനികളുടെ വിവരങ്ങൾ യഥാസമയം എം.ഐ.എസ്. പോർട്ടലിൽ രേഖപ്പെടുത്താതുമൂലം ട്രെയിനികൾക്ക് ഹാൾടിക്കറ്റുകൾ ലഭിക്കാതെ വരുന്ന സാഹചര്യം ഉണ്ടായാൽ ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർക്ക് മാത്രമായിരിക്കും പൂർണ്ണ ഉത്തരവാദിത്തം എന്ന് പ്രത്യേകം ഓർമ്മപ്പെടുത്തുന്നു.

ട്രെയിനിംഗ് ഡയറക്ടർക്ക് വേണ്ടി

എല്ലാ ഗവ./ എസ്.സി.ഡി.ഡി./എസ്.റ്റി.ഡി.സി./ സ്വകാര്യ ഐ.ടി.ഐ
പ്രിൻസിപ്പാൾമാർക്കും
പകർപ്പ്:- വകുപ്പ് വെബ്സൈറ്റിലേക്ക്.

എസ്സ്/09.06